**MV Rules 1989 part 3**

●RULE 4 - ലൈസൻസിംഗ് അതോറിറ്റിയെ പറ്റി പ്രതിപാദിക്കുന്നു.

>ഒരു റീജിയണിലെ റീജിയണൽ ട്രാൻസ് പോർട്ട് ഓഫീസറാണ് ഒരു റീജിയണിലെ ലൈസൻസിംഗ് അതോറിറ്റി.

>ഒരു റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിനോട് അനുബന്ധിച്ചുള്ള ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ആയിരിക്കും ആ റീജിയണിലെ അഡീഷണൽ ലൈസൻസിംഗ് അതോറിറ്റി.

>സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ഉള്ളിടത്ത്, അതിനോട് ചേർന്ന് പ്രവർത്തിക്കുന്ന ജോയിൻ്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ അദ്ദേഹത്തിൻ്റെ അധികാരപരിധിയിൽ അഡീഷണൽ ലൈസൻസിംഗ് അതോറിറ്റി ആയി പ്രവർത്തിക്കും.

>റീജിയണൽ, സബ് റീജിയണൽ ട്രാൻസ് പോർട്ട് ഓഫീസ് എന്നിവയുമായി ചേർന്ന് പ്രവർത്തിക്കുന്ന മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ അസിസ്റ്റൻ്റ് ലൈസൻസിംഗ് അതോറിറ്റി ആയിരിക്കും.

>അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ, ജൂനിയർ ലൈസൻസിംഗ് അതോറിറ്റി ആയിരിക്കും. ഇവർക്ക് പുതിയ ലേണേഴ്സ് ലൈസൻസ് മാത്രമേ നൽകാൻ കഴിയൂ.

●RULE 6 - ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്ന തിനുള്ള അധികാരം.

●RULE 19 - ലൈസൻസിംഗ് അതോറിറ്റിക്ക് ലൈസൻസ് അയോഗ്യത കൽപ്പിക്കുന്നതിനുള്ള അധികാരം.

●RULE 20 - ഒരു ലൈസൻസിംഗ് അതോറിറ്റി ഒരു വ്യക്തിയുടെ ലൈസൻസ് അസാധുവാക്കുകയോ, പിടിച്ചെടുക്കുകയോ ചെയ്താൽ ആ വിവരം മറ്റ് ലൈസൻസിംഗ് അതോറിറ്റീസിനെ അറിയിക്കേണ്ടതാണ് എന്ന് പ്രതിപാദിക്കുന്നു.

Ablearns

●RULE 28 - പുതിയ ഫോട്ടോഗ്രാഫി ഉപയോഗിച്ച് ഡ്യൂപ്ലിക്കേറ്റ് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനെ പ്രതിപാദിക്കുന്നു.

>ലൈസൻസിംഗ് അതോരിറ്റി പുതിയ ഫോട്ടോയും ഒപ്പും വെച്ചുള്ള ഡ്യൂപ്ലിക്കേറ്റ് ലൈസൻസ് നൽകേണ്ടതും ഒറിജിനൽ ലൈസൻസ് നശിപ്പിച്ചു കളയേണ്ടതുമാണ്.

●RULE 38 - ഡ്രൈവർമാരുടെ ബാഡ്ജ് കണ്ടെത്തൽ -സറണ്ടർ എന്നിവയെ പ്രതിപാദിക്കുന്നു.

>ഡ്യൂപ്ലിക്കേറ്റ് ബാഡ്ജ് ലഭിച്ചശേഷം നഷ്ടപ്പെട്ടു പോയ ഒറിജിനൽ ബാഡ്ജ് തിരികെ ലഭിക്കുന്നുവെങ്കിൽ, മുൻപത്തെ ബാഡ്ജ് ലൈസൻസിംഗ് അതോരിറ്റിക്ക് സറണ്ടർ ചെയ്യേണ്ടതാണ്.

>ഒരു ഡ്രൈവർ ബാഡ്ജ് കളഞ്ഞു കിട്ടുന്ന ഏതൊരു വ്യക്തിയും ഉടൻ തന്നെ അത് അടുത്തുള്ള പോലീസ് സ്റ്റേഷനിലോ ബന്ധപ്പെട്ട വ്യക്തിക്കോ കൈമാറേണ്ടതാണ്.

●Rule 40 - വിലാസ മാറ്റത്തെക്കുറിച്ചുള്ള റിപ്പോർട്ട്

> 3 മാസത്തിലധികം കാലദൈർഘ്യത്തിൽ താമസസ്ഥലം മാറിപ്പോകുന്ന ഒരു വ്യക്തിയുടെ പുതിയ താമസ സ്ഥലത്തിന്റെ അഡ്രസ്സ്, ബന്ധപ്പെട്ട ലൈസൻസിംഗ് അതോരിറ്റി ലൈസൻസിൽ മാറ്റി നൽകുന്നതാണ്.

●Rule 41 - ഡ്രൈവർമാരുടെ യൂണിഫോം

>ട്രാൻസ്പോർട്ട് കമ്മീഷണർ നിർദ്ദേശിച്ചിട്ടുള്ള തരത്തിൽ ഒരു ട്രാൻസ്പോർട്ട് വാഹനത്തിൻ്റെ ഡ്രൈവർ വൃത്തിയായി യൂണിഫോം ധരിക്കേണ്ടതാണ്.

●RULE 44 - കാവൽക്കാരില്ലാത്ത റെയിൽവേ ക്രോസിംഗ് മുറിച്ചുകടക്കുമ്പോൾ ഡ്രൈവർമാരുടെ കടമകൾ

>മോട്ടോർ വാഹനത്തിൻ്റെ ഡ്രൈവർ കാവൽക്കാരനില്ലാത്ത ലെവൽ ക്രോസിംഗ് എത്തുമ്പോൾ വാഹനത്തിൽ നിന്നിറങ്ങി ഇരുവശങ്ങളിൽ

Ablearns

നിന്നും ട്രെയിൻ വരുന്നുണ്ടോ എന്ന് പരിശോധിച്ചശേഷം മാത്രമേ മുന്നോട്ടു പോകാവൂ.

●Rule 45 -കാവൽക്കാരുള്ള റെയിൽവേ ക്രോസുകൾ കൈകാര്യം ചെയ്യുമ്പോൾ ഡ്രൈവർമാരുടെ കടമകൾ

>ഒരു കാവൽക്കാരനുള്ള ലെവൽ ക്രോസിംഗിൽ വാഹനം എത്തുമ്പോൾ ഡ്രൈവർ വേഗത കുറയ്ക്കണം.

>റെയിൽവേ ഗേറ്റ് ഗതാഗതത്തിനായി തുറന്നിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുക

>ഗേറ്റ് തുറന്നിരുന്നാലും രണ്ടു വശങ്ങളിൽ നിന്നും ട്രെയിൻ വരുന്നില്ല എന്ന് ഉറപ്പു വരുത്തുക.

●Rule 46 - ഗതാഗത വാഹന ഡ്രൈവർമാരുടെ പെരുമാറ്റത്തെപറ്റി പ്രതിപാദിക്കുന്നു.

□ഡ്യൂട്ടി സമയത്ത് ട്രാൻസ്പോർട്ട് വാഹനത്തിന്റെ ഡ്രൈവർ, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെൻ്റിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറോ, എസ് ഐ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥനോ ആവശ്യപ്പെടുമ്പോൾ ബാഡ്ജ് ഹാജരാക്കേണ്ടതാണ്.

>ബാഡ്ജ് മറ്റൊരു വ്യക്തിക്ക് കടം കൊടുക്കുകയോ കൈമാറുകയോ ചെയ്യരുത്.

>രക്തത്തിൽ ആൽക്കഹോളിൻ്റെ അംശമുള്ളപ്പോൾ വാഹനം ഓടിക്കാൻ പാടില്ല.

>ഏതെങ്കിലും ഡ്രഗിൻ്റെ സ്വാധീനത്തിൽ പൊതുനിരത്തിൽ വാഹനം ഓടിക്കാൻ പാടില്ല.

**□പബ്ലിക് സർവീസ് വാഹനങ്ങളുടെ ഡ്രൈവർ, ഡ്യൂട്ടി സമയത്ത് ശ്രദ്ധിക്കേണ്ടത്.**

Ablearns

•തന്റെ കടമകൾ കണക്കിലെടുത്ത് സാധിക്കുന്നിടത്തോളം ആക്ടിലെയും ഈ നിയമങ്ങളിലെയും വ്യവസ്ഥകൾ പാലിക്കുന്നതിന് ഉത്തരവാദിത്വമുള്ള വ്യക്തിയായിരിക്കണം.

•യാത്രക്കാരോട് നല്ല മര്യാദയിൽ പെരു മാറണം.

•വാഹനത്തിൽ വൃത്തി നിലനിർത്തണം.

•കണ്ടക്ടറുടെയോ യാത്രക്കാരുടെയോ ആവശ്യാനുസരണം വാഹനത്തിൽ നിന്നിറങ്ങാനും കയറാനും സൗകര്യപ്രദവും സുരക്ഷിതവുമായ സ്ഥലത്ത് ആവശ്യമായ സമയത്തേക്ക് വാഹനം നിർത്തിയിടണം.

•വാഹനത്തെ പരിപാലിക്കുകയും എപ്പോഴും ഫിറ്റ് ആയി നിലനിർത്തുകയും ചെയ്യുക, വാഹനത്തിന്റെ ബ്രേക്ക്, ടയർ, ലൈറ്റ് മുതലായവ തകരാറിലാണെന്ന് അറിഞ്ഞുകൊണ്ട് വാഹനം ഓടിക്കാതിരിക്കുക.

•കണ്ടക്ടറുടെ അഭാവത്തിൽ കണ്ടക്ടറുടെ കടമകൾ പാലിക്കുന്നതിന് ഉത്തരവാദിത്വം ഉണ്ടായിരിക്കണം.

•ഡ്രൈവറിനായി ഒഴിച്ചിട്ടിരിക്കുന്ന സീറ്റിൽ മറ്റ് യാത്രക്കാരെയോ മൃഗങ്ങളെയോ മറ്റു സാധനങ്ങളെയോ കയറ്റുവാൻ പാടില്ല. അല്ലെങ്കിൽ ഡ്രൈവറുടെ കാഴ്ചയെയോ നിയന്ത്രണത്തെയോ തടസ്സപ്പെടുത്തുന്ന വിധത്തിൽ വാഹനത്തിൽ ഒന്നും തന്നെ ഉണ്ടാകുവാൻ പാടില്ല.

•യാത്രക്കാരുടെ ശ്രദ്ധ ആകർഷിക്കുവാനായി ഉച്ചത്തിൽ വിളിക്കരുത്.

•പാൻ ചവച്ച് കൊണ്ടോ സിഗരറ്റ് വലിച്ചു കൊണ്ടോ മറ്റ് ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ചുകൊണ്ടോ വാഹനം ഓടിക്കരുത്.

•പാരിതോഷികം ആവശ്യപ്പെടരുത്.

•വ്യക്തികൾ മറ്റു വാഹനത്തിൽ കയറുന്നതിലോ കയറാൻ തയ്യാറെടുക്കുന്നതിലോ ഇടപെടരുത്.

•യാത്രയിൽ അനാവശ്യമായി കാല താമസം വരുത്തുകയോ അലഞ്ഞു തിരിയുകയോ അരുത്.

Ablearns

•വാഹനത്തിൽ യാത്രക്കാർ ഇരിക്കുമ്പോൾ ഇന്ധനം നിറയ്ക്കരുത്.

•ഗവൺമെൻ്റ് കാലാകാലങ്ങളിൽ നിശ്ചയിച്ചിരിക്കുന്ന തുകയിൽ കൂടു തൽ ആവശ്യപ്പെടുകയോ വാങ്ങു കയോ ചെയ്യരുത്.

□ഒരു ഗുഡ്സ് കാരിയേജിൻ്റെ ഡ്രൈവർ ഡ്യൂട്ടി സമയത്ത് ചെയ്യേണ്ടത്.

•അനുവദനീയമായ എണ്ണത്തിനുമപ്പുറം ആളുകളെ ചരക്ക് വണ്ടിയുടെ ക്യാബിനിൽ കയറ്റാൻ പാടില്ല.

•ഒരു ചരക്ക് വണ്ടിയിൽ ഡ്രൈവറെ കൂടാതെ ആറിലധികം ആളുകളെ കൊണ്ടു പോകരുത്.

•ഒരു ചരക്ക് വാഹനത്തിൽ ചരക്കിന്റെ മുകളിലോ ഒരാൾ വാഹനത്തിൽ നിന്ന് വീഴാൻ സാധ്യത ഉണ്ടെങ്കിലോ അല്ലെങ്കിൽ തറയിൽ നിന്നും 305 cm ഉയരത്തിലോ ഒരു ചരക്ക് വാഹനത്തിൽ ആളുകളെ കൊണ്ടുപോകാൻ പാടില്ല.

•ഒരു ചരക്ക് വാഹനത്തിൽ ഒരാളെ വാടകയ്ക്കോ പ്രതിഫലത്തിനോ കൊണ്ടു പോകരുത്.

# **ഡ്രൈവർ റിഫ്രെഷർ ട്രെയിനിംഗ് കോഴ്സ് :**

> തെറ്റായതോ അശ്രദ്ധമായതോ ആയ ഡ്രൈവിങ്ങിലൂടെ അപകടകരമായി പെരുമാറുന്ന വ്യക്തികളെ തെറ്റുകൾ തിരുത്തി ശരിയുടെ പാതയിലേക്ക് നയിക്കുകയാണ് ഡ്രൈവർ റിഫ്രെഷർ ട്രെയിനിംഗ് കോഴ്സിന്റെ ലക്ഷ്യം

> അപകടകരമായ ഡ്രൈവിംഗിന് കേന്ദ്ര മോട്ടോർ വാഹന നിയമം 1988, സെക്ഷൻ 184 പ്രകാരം ശിക്ഷിക്കപ്പെടുന്നവർക്ക് സെക്ഷൻ 19 (2a) യിൽ പരാമർശിക്കുന്ന പ്രകാരമുള്ള ഡ്രൈവർ റിഫ്രഷർ ട്രെയിനിംഗ് കോഴ്സ് നൽകാവുന്നതാണെന്ന് സെക്ഷൻ 200 (2) ൽ പറയുന്നു.

> പൊതുനിരത്തിൽ വാഹന അപകടമുണ്ടാക്കുകയോ അപകടകരമായി ലൈസൻസ് വാഹനം ഓടിക്കുകയോ ചെയ്യുന്നവരുടെ ഡ്രൈവിംഗ് സസ്പെൻഡ് ചെയ്യുന്നതിനു പുറമേ മോട്ടോർ വാഹന വകുപ്പിൻ്റെ

Ablearns

കീഴിൽ പ്രവർത്തിക്കുന്ന IDTR-ൽ (Institute of Driving and Train-ing Research) പരിശീലനത്തിനായി നിർദ്ദേശിക്കുകയും വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്. ഇതിനു ശേഷം മാത്രമേ സസ്പെൻഡ് ചെയ്യപ്പെട്ട ലൈസൻസ് പുനഃസ്ഥാപിച്ച് നൽകുകയുള്ളൂ.

Ablearns